പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2816

12.10.2011-ൽ മറുപടിയ്ക്ക്

# ഗ്രാമീണ റോഡ് വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| എ. | ഗ്രാമീണ റോഡ് വികസന കാര്യത്തിൽ കേരളത്തെ ദേശീയ മുഖ്യ ധാരയിൽ കൊണ്ടുവരത്തക്കവിധം നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ ഇപ്പോൾ തീരുമാനിച്ച വിവരം സംസ്ഥാനസർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ. | ഉണ്ട്. |
| ബി. | ഗ്രാമീണ റോഡ് വികസനകാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ എന്തൊക്കെ ഇളവുകളാണ് കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ തീരുമാന പ്രകാരം വന്നിട്ടുള്ളത് | ബി. | ആവാസകേന്ദ്രങ്ങളുടെ നിർവ്വചനത്തിൽ "കര" യും കൂടി ഉൾപ്പെടുത്തുവാൻ കേന്ദ്രഗ്രാമവികസന മന്ത്രി സമ്മതിച്ചിട്ടുണ്ട്. 1-1-2011 മുതൽ 6 മീറ്റർ മുതൽ 7.5 മീറ്റർ വീതിയുള്ള റോഡുകളും ഏറ്റെടുക്കുവാൻ അനുവദിച്ചിട്ടുണ്ട്. |
| സി. | കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് എപ്രകാരം ഗുണകരമാകുമെന്ന് വ്യക്തമാക്കുമോ ? | സി. | ജനസാന്ദ്രത കൂടിയ സംസ്ഥാനത്തെ സ്ഥലലഭ്യതയുടെ അഭാവം പരിഗണിച്ച് കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് സുഗമമായി പൂർത്തീകരിക്കുന്നതിനും അതുവഴി കൂടുതൽ കേന്ദ്രവിഹിതം നേടി എടുക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.